**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1713** **08-02-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഐ.എച്ച്.ആർ.ഡി. കോളേജ്)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2000-01 വർഷം കൂത്തുപറമ്പിൽ ആരംഭിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് (ഐ.എച്ച്.ആർ.ഡി. കോളേജ്) വലിയവെളിച്ചത്ത് സ്വന്തമായി പണിത കെട്ടിടത്തിലേക്ക് കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | 2000-01 വർഷം കൂത്തുപറമ്പിൽ ആരംഭിച്ച ഐ.എച്ച്.ആർ.ഡിയുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സർക്കാർ ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്ന സ്വകാര്യ അന്യായത്തിൽ ഐ.എച്ച്.ആർ.ഡിയ്ക്ക് അനുകൂലമായ വിധി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, 5 ഏക്കർ സർക്കാർ ഭൂമി പാട്ട വ്യവസ്ഥയിൽ ഐ.എച്ച്.ആർ.ഡിയ്ക്ക് അനുവദിച്ച് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാട്ടത്തുക കോളേജിൽ നിന്നും വില്ലേജ് ഓഫീസിൽ അടച്ചിട്ടുണ്ട്. മാത്രമല്ല നിർമ്മിച്ച കെട്ടിടങ്ങൾക്ക് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയും, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.<br><br>നിർമ്മിച്ച കെട്ടിടത്തിൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന് ചില പ്രവർത്തികൾ കൂടി പൂർത്തികരിക്കേണ്ടതുണ്ട്. ബഹു. MLA യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 1 കോടി രൂപ ഇതിനു നീക്കിവെക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ PWD ടെണ്ടർ നടപടികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തികൾ പൂർത്തിയാക്കി കെട്ടിടങ്ങൾക്ക് അനുമതിയും വൈദ്യുതി കണകഷനും ലഭിക്കുന്ന മുറയ്ക്ക് ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളേജിലെ ക്ലാസ് മുറികൾ സജ്ജമാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് മുൻകൈയെടുക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ഐ.എച്ച്.ആർ.ഡി-യിൽ നിന്നും ഈ വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ